LIBRARY ARCHIVES Kerala Legislative Assembly

കൃഷിസ്ഥലങ്ങളുടെ വിസ്തൃതി

101 [1998] ശ്രീ. കെ. അച്ചുതൻ:

,, വി. ജെ. പൗലോസ്:

,, കെ. ബാബു:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽ കൃഷി ചെയ്യുന്ന ഒരു കൃഷിയിടത്തിന്റെ ഏറ്റവും കുടിയ വിസ്തൃതിയെത്രയാണ് ;

(ബി) ഈ കൃഷിയിടത്തിൽ കൃഷി ചെയ്യുന്നയാളിന് ലാഭകരമായി കൃഷി നടത്തിക്കൊണ്ടുപോകുവാൻ കഴിയുമോ;

(സി) സംസ്ഥാനത്ത് ഫലവർഗ്ഗങ്ങൾ കൃഷി ചെയ്യുന്ന ഒരു കൃഷിയിടത്തിന്റെ ഏറ്റവും കുടിയ വിസ്തൃതി എത്രയാണ് ;

(ഡി) ഗ്ലോബലൈസേഷന്റെയും, ലിബറലൈസേഷന്റെയും അടിസ്ഥാനത്തിൽ ആഗോള വ്യാപകമായി പ്രവർത്തിക്കുന്ന, ഫല ഭക്ഷ്യസാധനങ്ങൾ മാർക്കറ്റ് ചെയ്യുന്ന, മൾട്ടി നാഷണൽ കമ്പനികളുമായി മത്സരിക്കുവാൻ ഇത്രയും വിസ്തൃതിയുള്ള കൃഷിയിടത്തിൽ കൃഷി ചെയ്തുണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഇ) സംസ്ഥാനത്ത് ഫലവർഗ്ഗങ്ങളെ ആശ്രയിച്ചുള്ള ഭക്ഷ്യസാധനങ്ങളുടെ വൻതോതിലുള്ള ഉല്പാദനം സാദ്ധ്യമാകാനുതകത്തക്ക വിധത്തിൽ, ഫലവർഗ്ഗങ്ങൾ കൃഷി ചെയ്യുന്ന കൃഷിയിടങ്ങളെ ഭൂമിയുടെ സീലിംഗ് സംബന്ധിച്ച വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കേണ്ടതാവശ്യമാണെന്ന് കൃഷി വകുപ്പ് കരുതുന്നുണ്ടോ ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) വിവരം ശേഖരിച്ചു വരുന്നു.

കർഷകർക്കുണ്ടായ കഷ്ട നഷ്ടങ്ങൾക്ക് പരിഹാരം

102 [1999] ശ്രീ. എം. വി. ജയരാജൻ:

,, വി. കെ. സി. മമ്മത്കോയ:

,, സാജു പോൾ:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിലഭകർച്ചയും വരൾച്ചയുംമൂലം കഴിഞ്ഞ തവണ കർഷകർക്കുണ്ടായ കഷ്ട നഷ്ടങ്ങൾക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ ;

(ബി) ഇതിനായി കേന്ദ്ര സഹായം ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ കേന്ദ്രത്തിൽ നിന്നും എന്തു തുകയുടെ സഹായമാണ് ലഭിച്ചതെന്ന് പറയാമോ;

(സി) ഏതെല്ലാം ഇനങ്ങൾക്കാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വിലത്തകർച്ചയും വരൾച്ചയുംമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്കും, കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരുടെ ആശ്രിതർക്കും എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ;

(ഇ) ഈ ഇനത്തിൽ സംസ്ഥാന സർക്കാർ എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ) വിലത്തകർച്ചയും വരൾച്ചയുംമൂലം കഴിഞ്ഞ തവണ കർഷകർക്കുണ്ടായ കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ആവശ്യപ്പെട്ടിരുന്നു. 106 കോടി രൂപ കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ കുരുമുളകിന്റെയും കശുവണ്ടിയുടെയും റീപ്ലാന്റിംഗിനുവേണ്ടി 30 കോടി രൂപ അനുവദിച്ചിട്ടുള്ളതിന്റെ ആദ്യപടിയായി 10 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനും കശുവണ്ടി, കുരുമുളക് എന്നിവയുടെ റീപ്ലാന്റിംഗിനുമാണ് കേന്ദ്ര സഹായം ലഭിച്ചിട്ടുള്ളത്.

(ഡി, ഇ) വിലത്തകർച്ചയും വരൾച്ചയുംമൂലം ദുരിതമനുഭവിക്കുന്ന കർഷർക്ക് സർക്കാർ നൽകിയ ആശ്വാസ നടപടികൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരുടെ 39 കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടത്തുന്ന ഫാമുകൾ

103 [2000] ശ്രീ. ഇ. എം. അഗസ്തി:

,, ബി. വിജയകുമാർ:

,, കെ. എ. ചന്ദ്രൻ:

,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ എത്ര ഫാമുകൾ നടത്തിവരുന്നു; എവിടെയെല്ലാം ;

(ബി) ഈ ഫാമുകൾക്ക് എവിടെ നിന്നെല്ലാം സഹായം ലഭിക്കുന്നു;

(സി) എന്തെല്ലാം കൃഷികളാണ് ഈ ഫാമുകളിൽ നടത്തിവരുന്നത്;

† അനുബന്ധം VII

2/2316/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly